# Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## ആരാധന, സ്തുതി, നന്ദി-Thanks, praise and worship




### ആരാധന, സ്തുതി, നന്ദി പ്രാർത്ഥന

ഈശോയേ ഞാൻ നിന്നെ ആരാധിക്കുന്നു, സ്തുതിക്കുന്നു, മഹത്വപ്പെടുത്തുന്നു, നന്ദിപറയുന്നു. ഈശോ നീയാണെന്റെ ദൈവം, നീയാണെന്റെ ശക്തി, നീയാണെന്റെ ജീവൻ, നീയെന്റെ ശരണം, നീയെന്റെ ആശ്രയം, നീയാണെന്റെ സർവ്വസ്വവും. ഞാൻ നിന്നെ ആരാധിക്കുന്നു.

ഗാനം

ദൈവപിതാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനുമെന്റെ സർവ്വസ്വവും നിൻ
മുമ്പിലണച്ചു കുമ്പിടുന്നു.

യേശുവേ നാഥാ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനുമെന്റെ സർവ്വസ്വവും നിൻ
മുമ്പിലണച്ചു കുമ്പിടുന്നു.

പാവനാത്മാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനുമെന്റെ സർവ്വസ്വവും നിൻ
മുമ്പിലണച്ചു കുമ്പിടുന്നു.

സ്രഷ്ടാവായ ദൈവമേ ഞാൻ അങ്ങയെ ആരാധിക്കുന്നു. എന്നെ സൃഷ്ടിച്ചവനേ ഞാൻ അങ്ങയെ ആരാധിക്കുന്നു. എന്നെ പരിപാലിക്കുന്നവനേ ഞാൻ അങ്ങയെ ആരാധിക്കുന്നു. പ്രപഞ്ചത്തെയാകെ കാത്തുസംരക്ഷിക്കുന്ന ദൈവമേ ഞാൻ അങ്ങയെ, സ്തുതിക്കുന്നു. ഞങ്ങളുടെ കുടുംബത്തെ എല്ലാ ആപത്തുകളിൽ നിന്നും കാത്തുപരിപാലിക്കുന്ന ദൈവമേ ഞാൻ അങ്ങയെ സ്തുതിക്കുന്നു. സ്നേഹമാകുന്ന ത്രിയേക ദൈവമേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു.

ഗാനം

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതനേ - നാഥൻ
നാൾതോറും ചെയ്ത നന്മകളോർത്തു
പാടുക നീയെന്നും മനമേ

കർത്താവായ ദൈവമേ അവിടുന്ന് എനിക്ക് നല്കിയിട്ടുള്ളതും നല്കിക്കൊണ്ടിരിക്കുന്നതുമായ നിരവധിയായ അനുഗ്രഹങ്ങൾക്ക് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. (താഴെ കൊടുത്തിരിക്കുന്നവയിൽ തനിക്കുള്ളതിനൊക്കെയും നന്ദി പറയുക).

മാതാപിതാക്കൾ, സഹോദരിസഹോദരന്മാർ, ബന്ധുമിത്രങ്ങൾ, ഉപകാരികൾ, എനിക്കു ലഭിച്ച വിദ്യാഭ്യാസം, ജോലി, ജീവിതപങ്കാളി, മക്കൾ, വീട്, വാഹനം, മറ്റു സൗകര്യങ്ങൾ, കൂടാതെ ഈ ദിവസങ്ങളിൽ പ്രത്യേകമായി ലഭിച്ച അനുഗ്രഹങ്ങൾ ഇവയ്ക്കൊക്കെയും ഞാൻ നന്ദി പറയുന്നു.

ഗാനം

നന്ദി ദൈവമേ നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ
അങ്ങു തന്ന ദാനത്തിനു നന്ദിയേകിടാം
അങ്ങു തന്ന സ്നേഹത്തിനു നന്ദിയേകിടാം
നന്മരൂപനേ നല്ല ദൈവമേ

## തിരുവചനം

യഥാർത്ഥ ആരാധകൻ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല അത് ഇപ്പോൾത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും (യോഹന്നാൻ 4:23).

ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു. ഇത്, യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റു പറയുന്നതിനും വേണ്ടിയാണ് (ഫിലിപ്പി 2:9-11).

സങ്കീർത്തനങ്ങളാലും ഗാനങ്ങളാലും ആത്മീയഗീതങ്ങളാലും പരസ്പരം സംഭാഷണം ചെയ്യുവിൻ. ഗാനാലാപനങ്ങളാൽ പൂർണഹൃദയത്തോടെ കർത്താവിനെ പ്രകീർത്തിക്കുവിൻ (എഫെസോസ് 5:19).

+++